## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3014      21.6.2013-ൽ മറുപടിക്ക്

### കേരള സുസ്ഥിര നഗര വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | ഏഷ്യൻ വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ ഏതെല്ലാം കോർപ്പറേഷനുകളിൽ ആണ് കേരള സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുന്നത് ; | എ) | സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കേരള സുസ്ഥിര നഗര വികസന പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതി തുടങ്ങിയത് എന്നാണ്; എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് കരാറിൽ വ്യവസ്ഥയുണ്ടായിരുന്നത് ; പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) | • പദ്ധതിയുടെ വായ്പാ ഉടമ്പടി 08 ഡിസംബർ 2006ൽ ഒപ്പുവച്ചു. വായ്പാ ഉടമ്പടി നിലവിൽ വന്നത് 19 മാർച്ച് 2007നാണ്.<br>• പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത് (ഉടമ്പടി പ്രകാരം) 2012 ജൂണിലായിരുന്നു. എന്നാൽ അത് 2014 ജൂൺ വരെ നീട്ടിയിട്ടുണ്ട്.<br>• പൂർത്തീകരിച്ചിട്ടില്ല.<br>• പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഉണ്ടായ സാങ്കേതിക തടസ്സങ്ങളാണ് അവ സമയബന്ധിതമായിപൂർത്തിയാക്കുന്നതിന് പ്രധാനമായും വിഘാതമായത്. കൂടാതെ ഉയർന്ന ടെൻഡർ എക്സസ് കാരണം പ്രവൃത്തികൾ റീടെൻഡർ ചെയ്യേണ്ടി വന്നത്, ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ, പൊതുജനങ്ങളുടെ എതിർപ്പ്, പദ്ധതിനടത്തിപ്പിനിടയിൽ ഉയർന്നുവന്ന പ്രാദേശിക പ്രശ്നങ്ങൾ,കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസം, റോഡ്കട്ടിംഗ്, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, |

| | | | |
|---|---|---|---|
| | | | വൈദ്യുതി കണക്ഷൻ എന്നിവയുടെ സംഗതിയിൽ ബന്ധപ്പെട്ടവകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുവാനു ണ്ടാകുന്ന കാലതാമസം എന്നിവയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതമായിട്ടുണ്ട്. |
| സി) | ഏഷ്യൻ വികസന ബാങ്കിൽ നിന്നും എത്ര തുകയാണ് ധനസഹായമായി ലഭിച്ചത്; അതിൻപ്രകാരം ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; പൂർത്തീകരി ക്കാത്ത പ്രവൃത്തികൾ എത്രയാണ് ; വിശദാംശം ലഭ്യമാക്കുമോ ; | സി) | 221.20 ദശലക്ഷം അമേരിക്കൻ ഡോളറാണ് എഡിബി അനുവദിച്ച വായ്പാ തുക. മുനിസിപ്പാലിറ്റികളിൽ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. |
| ഡി) | മുടങ്ങിപ്പോയ പദ്ധതികൾ പൂർത്തി യാക്കുന്നതിനായി എന്തെല്ലാം നടപ ടികൾ സ്വീകരിക്കും എന്ന് വിശദ മാക്കുമോ? | ഡി) | സർക്കാർതലത്തിൽ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ